കഥ

# എന്റെ ലൈംഗികാന്വേഷണ പരീക്ഷണങ്ങൾ

**അബിൻ ജോസഫ്**

വെളിമാനം നവജ്യോതി ഗ്രാമീണ വായനശാലയിൽ നിന്നെടുക്കുന്ന പുസ്തകങ്ങൾ വായിക്കുന്നതിനു മുൻപ്, അരയിൽത്തിരുകി വീട്ടിലെ ബാത്റൂമിൽച്ചെന്ന്, കാലുകൾക്കിടയിൽ കയറ്റിവച്ചു സ്വയംഭോഗം ചെയ്യുന്ന ശീലം എനിക്കുണ്ടായിരുന്നു. അഗതാ ക്രിസ്റ്റിയുടെ ഏതോ നോവലിൽ നായകനും നായികയും ഉടുതുണിയില്ലാതെ നീന്തൽക്കുളത്തിൽ തിമർക്കുന്ന രംഗം വായിച്ചുകിടന്ന രാത്രിയിലാണ്, ആദ്യമായിട്ടങ്ങനെ ചെയ്തതെന്നാണ് ഓർമ. എനിക്കന്നു പതിനഞ്ചായിരുന്നു, പ്രായം.

പുസ്തകത്താളുകളുടെ പഴകിയ ഗന്ധം ഞരമ്പിൽ കയറിപ്പിടിക്കുന്നതും കഥാപാത്രങ്ങളുടെ മുഖത്തേക്കു ശുക്ലമിറ്റിച്ചു കിതയ്ക്കുന്നതും ആ ഭാഗമെഴുതാൻ എഴുത്തുകാരൻ ഉറക്കമൊഴിഞ്ഞിരുന്ന രാത്രിയെ കുറ്റബോധത്തോടെ ഓർത്തെടുക്കുന്നതും അക്ഷരങ്ങൾക്കുമേൽ പടർന്ന കൊഴുത്ത തിരകളെ ചേമ്പിലയിലെന്നപോലിട്ടു തെന്നിക്കുന്നതും എന്തുകൊണ്ടോ എന്നെ വല്ലാതെ ലഹരിപിടിപ്പിച്ചിരുന്നു.

’Liberphilia എന്ന മാനസികത്തകരാറാണു നിനക്ക്.’

ഇക്കാര്യം പറഞ്ഞതിന്റെ പിറ്റേന്ന്, ഗൂഗിളിൽനോക്കി സഹപാഠിയായ സൈനുൽ ആബിദ് പറഞ്ഞു.

’ഏതെങ്കിലും സൈക്യാർട്ടിസ്റ്റിനെ ചെന്നു കാണുന്നതാ നല്ലത്. അല്ലെങ്കിൽച്ചെലപ്പോ, പിന്നീട് എടങ്ങേറാകും.’

അവന്റെ കണ്ണുകൾ പത്താംക്ലാസുകാരനു താങ്ങാവുന്നതിനും അപ്പുറത്തുള്ള ഗൗരവത്താൽ മുഴച്ചുവരുന്നുണ്ടായിരുന്നു. മൗസ് പോയിന്റർ ചറപറാ നീക്കിയിട്ടും കൂടുതൽ വിവരങ്ങൾ കണ്ടെത്താൻ കഴിയാത്തതിൽ അവന്റെ ടെക്കി മുഖത്തു നിരാശ നിറഞ്ഞു.

’നീ എത്രവട്ടം ചെയ്തിട്ടുണ്ട്?’

എന്നെ ഉറ്റുനോക്കിക്കൊണ്ട് സൈനു ചോദിച്ചു.

’ഒത്തിരി പ്രാവശ്യം.’

ഞാൻ തലകുനിച്ചു.

’ഒന്നൊന്നര കൊല്ലമായി തുടങ്ങിയിട്ട്.’

സൈനു കമ്പ്യൂട്ടർ ഷട്ട് ഡൗൺ ചെയ്തുകഴിഞ്ഞ്, ചരട് വലിച്ചുകെട്ടി ബർമുഡ മുറുക്കിക്കൊണ്ട് എഴുന്നേറ്റു.

’നീ എത്രേം പെട്ടന്നു ചികിത്സിക്കണം. നമ്മുടെ ഗവൺമെന്റാശുപത്രിയിൽ എല്ലാ ബുധനാഴ്ചയും ഒരു ഡോക്ടർ വരുന്നുണ്ട്. സൈക്യാർട്ടിസ്റ്റ്.’

പാന്റ്സിന്റെ പിൻ പോക്കറ്റിൽനിന്നു വലിച്ചെടുത്ത തൂവാലകൊണ്ടു ഞാൻ മുഖം തുടച്ചു. വാച്ചിൽ സമയം നോക്കി. അവന്റെ തോളിൽ കൈവച്ചു പറഞ്ഞു.

’എനിക്കു പക്ഷേ, ഇതു ചെയ്യാതിരിക്കാൻ പറ്റത്തില്ലെടാ..’

ഷെൽഫിൽ അടുക്കിവച്ചിരിക്കുന്ന പുസ്തകങ്ങളിലേക്ക് ആർത്തിയോടെ നോക്കിക്കൊണ്ട് ഞാൻ പുറത്തിറങ്ങി. നിന്നെ ഇനി ഈ മുറിയിൽ കയറ്റില്ലെടാ എന്നാ ഭാവം സൈനുവിന്റെ മുഖത്ത് എഴുതപ്പെട്ടിട്ടുണ്ടാകും എന്നുറപ്പുള്ളതിനാൽ തിരിഞ്ഞുനോക്കിയില്ല.

അന്നു രാത്രി, ബാത്റൂമിൽ നിൽക്കുമ്പോൾ പുസ്തകങ്ങളുടെ തലക്കെട്ടുകളായിരുന്നു, എന്റെ മനസിൽ നിറയെ.

ഒരു തീവണ്ടിയുടെ അതിവിദൂര ദൃശ്യംപോലെ മയ്യഴിപ്പുഴയുടെ തീരങ്ങളിൽ.

ഗേറ്റിൽ തൂക്കിയിടുന്ന നെയിംപ്ലേറ്റു പോലെ: നാലുകെട്ട്.

റെയിൽവേ സ്റ്റേഷനിലെ, മഞ്ഞയിൽ കറുപ്പക്ഷരത്തിലെഴുതിയ സ്ഥലപ്പേരായി പാണ്ഡവപുരം.

ഇടംകൈയിൽ കുത്തിയ പച്ചട്ടാറ്റു: 9.

50–50 ബിസ്കറ്റിന്റെ പായ്ക്കറ്റിലെ ബ്രാൻഡ് നെയിമായ ബ്രിട്ടാനിക്കയ്ക്കു പകരം സ്മാരകശിലകൾ.

പള്ളി സെമിത്തേരിയിലെ ഒറ്റപ്പെട്ട കല്ലറയുടെ തലയ്ക്കൽ സ്ഥാപിച്ചിട്ടുള്ള മരപ്പലകയിൽ കൊത്തിവച്ച വാചകം: മനുഷ്യന് ഒരു ആമുഖം.

പോസ്റ്റുമാൻ തിണ്ണയിൽ കൊണ്ടിട്ടിട്ടുപോകുന്ന കത്തിലെ ഇത്തിരിപ്പോന്ന സ്റ്റാമ്പിനു മുകളിൽ അടിച്ചിരിക്കുന്ന നീല സീലിൽ തെളിയാതെ തെളിയുന്ന സ്ഥലം: അന്ധകാരനഴി.

കൈയിലിരിക്കുന്ന പുസ്തകത്തിലേക്കു ഞാൻ നോക്കി. മങ്ങിയ സായാഹ്ന വെയിലിന്റെ നിറമുള്ള പുറംചട്ടയിൽ കൂറ്റൻ കരിമ്പനകൾക്കു താഴെ, കാറ്റത്തുവളഞ്ഞ കുറുന്തോട്ടിപോലെ എഴുത്തുകാരൻ. എന്തോ ഒരു ദുഖം എന്നെയപ്പോൾ പിടികൂടി. എൺപത്തഞ്ചാം പേജു തുറന്ന്, ഞാനെന്റെ സ്വത്വം തിരഞ്ഞു. പിന്നെ, ബാത്റൂമിൽനിന്നിറങ്ങി,

കിടപ്പുമുറിയിൽച്ചെന്ന്, പുസ്തകം മടക്കി തലയണയ്ക്കടിയിൽവച്ച്, ഉറക്കംകാത്തു കിടന്നു.

കടുത്ത കമ്മ്യൂണിസ്റ്റും യുക്തിവാദിയുമൊക്കെയായ എന്റെ ഇച്ചാച്ചൻ മുണ്ടും ഷർട്ടും പറമ്പിന്റെ പ്രമാണങ്ങളും വയ്ക്കുന്ന മരപ്പെട്ടിയിൽ, പഴയ മലയാളം ലിപിയിൽ അച്ചടിച്ച സമ്പൂർണ ബൈബിൾ ഒളിപ്പിച്ചിരിക്കുന്നത് അവിചാരിതമായിട്ടാണു ഞാൻ കണ്ടെത്തിയത്. കറുത്ത തുണിപ്പുറംചട്ടയുടെ നൂലുവിട്ടിരുന്നു. തലക്കെട്ടെഴുതിയ വെളുത്ത അക്ഷരങ്ങൾ മുക്കാൽ പങ്കും മാഞ്ഞിരുന്നു. അനക്കി മാറ്റാത്തതിരുന്നതിനാൽ ചിതലുകൾ അതിർത്തിവരച്ച മരപ്പെട്ടിക്കുള്ളിലെ സാധനങ്ങൾ ന്യൂയോർക്കിൽനിന്നു കൊച്ചപ്പൻ കൊണ്ടുവന്ന പുത്തൻ ട്രോളീബാഗിലേക്കു മാറ്റിവയ്ക്കാനായിരുന്നു, ഇച്ചാച്ചൻ എന്നെ വിളിച്ചത്. മുറിയിൽക്കയറിയപാടെ കതകടച്ചത് എന്തിനായിരുന്നെന്നു മനസിലാക്കിയതിന്റെ തിളക്കം എന്റെ കണ്ണിൽ കണ്ടതുകൊണ്ടായിരിക്കണം, ഇരുപതുറുപ്പികയുടെ ഒരു ചുവന്ന നോട്ട് ഇച്ചാച്ചൻ എനിക്കുതന്നു.

'കല്ല്യാണത്തിന്റന്നു രാത്രി നിന്റെ അമ്മാമ്മച്ചി തന്നതാ', ട്രോളീ ബാഗിന്റെ സിബ് വലിച്ചിടുന്നതിനിടെ ഇച്ചാച്ചൻ പറഞ്ഞു: 'അവളുതന്ന ഒരേയൊരു സമ്മാനം. അതുകൊണ്ടു സൂക്ഷിച്ചുവച്ചേക്കുവാ. ഞാനിതുവരെ വായിച്ചിട്ടൊന്നുമില്ല'.

കൈയിൽപ്പറ്റിയ പൊടി മൂക്കിലേക്ക് ആഞ്ഞുവലിച്ചുകൊണ്ട് ഞാൻ പുറത്തിറങ്ങി. കറുത്ത മഷിയിലെഴുതിയ നാലാംക്ലാസുകാരന്റെ കൈപ്പടയിൽ വെള്ളം വീണു പടർന്നതുപോലെ, കൊമ്പും വാലുമുള്ള അക്ഷരങ്ങൾ മനസിൽ മായാതെ നിന്നു. അപ്പോൾ എന്റെയുള്ളിലെ മദയാനകൾ നിർത്താതെ ചിന്നം വിളിച്ചു.

ഞായറാഴ്ച രാത്രി, പതിവുപോലെ ബ്രാൻഡി കുടിച്ചു പൂസായിക്കിടന്ന ഇച്ചാച്ചന്റെ മുറിയിലേക്കു ഞാൻ പതുങ്ങിക്കയറി. ഉറക്കത്തിന്റെ കടുത്ത കയറ്റിറക്കങ്ങൾക്കിടയിലും പുള്ളിക്കാരൻ എന്തൊക്കെയോ വിളിച്ചുപറയുന്നുണ്ടായിരുന്നു. ബാഗ് തുറന്ന്, ബൈബിളുമായി ഞാൻ ബാത്റൂമിലെത്തി. കൈകൾ വല്ലാതെ വിറയ്ക്കുന്നുണ്ടായിരുന്നു. തുറന്നുപിടിച്ച താളുകളിൽ കൃത്യമായി അടുക്കിയ ചതുരക്കളങ്ങളിൽ വാചകങ്ങൾ അറ്റൻഷനായിട്ടിരിക്കുന്നു. തലമുറകൾക്കു മുന്നേയുള്ള ലിപിക്കു ഗൂഢസൗന്ദര്യമുണ്ടെന്ന് എനിക്കുതോന്നി. ഞാൻ ദൈവത്തെ അന്വേഷിച്ചു. പഴക്കംചെന്ന താളുകൾ പൊടിഞ്ഞു. ഒറ്റയും തെറ്റയുമായി വേർപെട്ട അക്ഷരങ്ങൾ കാൽച്ചുവട്ടിലേക്ക് ഉതിർന്നു വീണു. ഞാൻ കിതച്ചു. പക്ഷേ, ഒന്നും സംഭവിക്കുന്നില്ല. നിരാശയുടെ ഗിരിപ്രഭാഷണം തലച്ചോറിനെ വിമ്മിട്ടപ്പെടുത്തി. വിഷാദം ഹൃദയത്തിൽ ആണിയടിച്ചു. തലതാഴ്ത്തി, മുറിയിലേക്കു നടക്കുമ്പോൾ നെറ്റിയിൽ തളംകെട്ടിയ വിയർപ്പു തുള്ളികൾ വിരലിൽ കോരിയെടുത്ത്, വെട്ടത്തു പിടിച്ചു ഞാൻ നോക്കി. ചോരയല്ല എന്നുറപ്പുവരുത്താൻ.

'എടാ നിന്റെ അതേ പ്രശ്നമുള്ള ഒരാളെപ്പറ്റി ഞാൻ നെറ്റിൽ വായിച്ചു', വീട്ടിലെ ലാൻഡ് ഫോണിലേക്കു വിളിച്ച്, സ്ത്രൈണ ശബ്ദത്തിൽ സൈനുൽ ആബിദ് പറഞ്ഞു:

’അമേരിക്കക്കാരനാണു കക്ഷി. സർവകലാശാല പ്രഫസർ. പതിനെട്ടാമത്തെ വയസിലാണു മൂപ്പർ ഇപ്പണി തുടങ്ങിയത്. ലൈബ്രേറിയനോടുള്ള ദേഷ്യം തീർക്കാൻ കൂട്ടുകാർക്കൊപ്പമാണ് ആദ്യം ചെയ്തത്. സംഗതി പക്ഷേ, ഒബ്സെഷനായി മാറി.’

സൈനുവിന്റെ ശബ്ദത്തിൽ പതിവില്ലാത്ത ആവേശം തുടിക്കുന്നതു ഞാനറിഞ്ഞു. അപ്പൻ ചായക്കോപ്പയുമായി അപ്പുറത്തിരിപ്പുണ്ടായിരുന്നതുകൊണ്ട്, ഇടയ്ക്കിടെയുള്ള മൂളലിലേക്കു ഞാൻ സംസാരം ഒതുക്കി.

’അയാൾക്കു ചരിത്ര പുസ്തകങ്ങളോടായിരുന്നു പ്രിയം. ന്യൂയോർക്കിലെ പ്രശസ്തമായ ലൈബ്രറികളിലെല്ലാം സ്ഥിരം സന്ദർശകനായിരുന്നു. ചരിത്രത്തിൽ പോസ്റ്റ് ഡോക്ടറൽ സ്കോളർഷിപ്പും നേടി. അറുപത്തഞ്ചാമത്തെ വയസിൽ അമേരിഗോ വെസ്പുചിയെക്കുറിച്ചുള്ള പുസ്തകവുമായി വീട്ടിലെ വായനാമുറിയിൽ ഇരിക്കുമ്പോഴായിരുന്നു, മരണം. സഹപ്രവർത്തകരും വിദ്യാർഥികളും വിവിധ ലൈബ്രറികളിലെ ജീവനക്കാരും പല സ്ഥലങ്ങളിലെ ചരിത്ര ചർച്ചകളിൽ പങ്കാളികളായവരുമായി ആയിരത്തിലധികം പേർ ശവസംസ്കാരത്തിന് എത്തിയിരുന്നു. അസാമാന്യനായ ആ വായനക്കാരനോടുള്ള ആദരവു കാണിക്കാൻ പൂക്കൾക്കു പകരം പുസ്തകങ്ങളാണ് എല്ലാവരും കല്ലറയിൽ വച്ചത്.’

ഞാൻ രണ്ടുവട്ടം ചുമച്ചു.

’പിന്നെ?’.

ചെറിയൊരു ഗ്യാപ്പിനു ശേഷം സൈനു പറഞ്ഞു:

’നിനക്കില്ലാത്ത ഒരു പരിപാടി പുള്ളിക്കുണ്ടായിരുന്നു. ശുക്ലം വീഴുന്ന രണ്ടു പേജുകൾ കീറിയെടുത്ത്, തമ്മിലൊട്ടിച്ചശേഷം പിൻചെയ്തു സൂക്ഷിക്കും. സെക്സോളജിസ്റ്റായ രണ്ടാമത്തെ മകനാണ് മരിച്ച നിലയിൽ അയാളെ ആദ്യം കണ്ടെത്തിയത്. മകൻ പുസ്തകമെടുത്തു മാറ്റി, തറയിൽ തെറിച്ചു കിടന്ന തുള്ളികൾ തുടച്ചു നീക്കിയശേഷമാണു പോലീസിൽ അറിയിച്ചത്. ശവസംസ്കാരം കഴിഞ്ഞതിന്റെ പിറ്റേന്ന്, അയാൾ മുറി മുഴുവൻ അരിച്ചുപെറുക്കിയപ്പോൾ ഭിത്തിയിലെ ഒരു രഹസ്യ ഷെൽഫിൽ പേഴ്സനൽ ഫയൽസ് എന്നെഴുതിയ സ്യൂട്ട്കേസിൽ പിൻ ചെയ്തു വച്ചിരിക്കുന്ന പേജുകൾ കണ്ടെത്തി. അത്, എത്രയെണ്ണമുണ്ടായിരുന്നെന്നു നിനക്കറിയണോ, 15, 000!.’

അയാളെക്കുറിച്ചു മകനെഴുതിയ പുസ്തകത്തിന്റെ ചുരുക്കക്കുറിപ്പിൽ നിന്നാണ് ഇതൊക്കെ അറിഞ്ഞതെന്നും പുസ്തകത്തിന്റെ പിഡിഎഫ് തപ്പിനോക്കിയിട്ടു കിട്ടിയില്ലെന്നും പറഞ്ഞ് സൈനു ഫോൺ വച്ചുകഴിഞ്ഞിട്ടും കുറേനേരം റിസീവറും കൈയിൽപ്പിടിച്ച് ഞാൻ അനക്കമറ്റു നിന്നു. ഏറ്റവും പ്രിയപ്പെട്ടൊരു പുസ്തകത്തിലേക്കു മരിച്ചുവീഴുന്നതും സങ്കൽപ്പിച്ച്.

പിറ്റത്തെ ആഴ്ച നവജ്യോതി വായനശാലയിൽ ചെന്നു കയറിയപ്പോൾ ലൈബ്രേറിയനായ പട്ടാളം ടോമിച്ചേട്ടൻ കാലിച്ചായ കുടിക്കാൻ പുറത്തേക്കിറങ്ങുകയായിരുന്നു. താക്കോൽ എന്റെ കൈയിൽ തന്നിട്ട് പുള്ളിക്കാരൻ പറഞ്ഞു.

'അകത്തൂന്ന് കുറ്റിയിട്ടോ. ആരു വന്നാലും തുറക്കണ്ട. ഞാനിപ്പോ വരാം'.

ടോമിച്ചേട്ടൻ പോയിക്കഴിഞ്ഞപാടെ, പേരും എടുത്ത പുസ്തകങ്ങളും രേഖപ്പെടുത്തിയിരിക്കുന്ന രജിസ്റ്റർ ഞാൻ തുറന്നു. എന്റെ പേരിനു നേരെ, കുനുകുനാ അക്ഷരത്തിൽ എഴുതിയിരിക്കുന്ന പുസ്തകങ്ങൾ എണ്ണി. ഒന്നര കൊല്ലത്തെ കണക്ക് 206. ശരീരത്തിലെ അസ്ഥികളുടെയത്രയും പുസ്തകങ്ങൾ. ലിസ്റ്റിലൂടെ ആദ്യം മുതൽ ഞാൻ വീണ്ടും കണ്ണുപായിച്ചു. ചെറിയ ഒരു മന്ദഹാസം എന്റെ മുഖത്തപ്പോൾ പ്രകാശനം ചെയ്യപ്പെട്ടിരിക്കണം. എല്ലാം നോവലുകളാണ്. നോവൽ മാത്രം. ഞാൻ ഷെൽഫുകളുടെ ചില്ലുമറ നീക്കി. പിന്നെ, നോവൽ എന്ന ശീർഷകത്തിനു താഴെയുള്ളവ ഓരോന്നായി എടുത്തുനോക്കി. ചെളിയും വിയർപ്പും പതിഞ്ഞ താളുകൾ. നിരന്തരമായ ഉപയോഗംകൊണ്ടു മുഷിഞ്ഞ പുറംചട്ടകൾ. നോവലുകൾ മൂക്കിനോടു ചേർത്തുവച്ച് പേജു മറിച്ചു. രേതസിന്റെയും പ്രായം ചെന്ന കടലാസിന്റെയും പൊടിയുടെയും ഗന്ധങ്ങൾ ചേർന്നുള്ള ജുഗൽബന്ദി തലച്ചോറിലേക്ക് ഇരമ്പിക്കയറി. എന്റെ ഞരമ്പുകളിലൂടെ ലക്ഷക്കണക്കിനു വാക്കുകൾ കുതിരയോട്ടം നടത്തി. കുറച്ചു സമയം കൂടി കണ്ണോടിച്ചു നിന്നപ്പോൾ രണ്ടു കാര്യങ്ങൾക്കൂടി ബോധ്യപ്പെട്ടു. ഞാൻ കൊണ്ടുപോയതെല്ലാം പഴയ പുസ്തകങ്ങളാണ്. പുതിയവ ഒരെണ്ണംപോലും തൊട്ടിട്ടില്ല. പിന്നെ, ആ ഷെൽഫിൽ വഴങ്ങിത്തഴമ്പിച്ച താളുകളുള്ള ഒറ്റ നോവൽപോലും ബാക്കിയില്ല, ഞാനെടുക്കാത്തതായി.

വീട്ടിലേക്കു തിരിച്ചു നടക്കുമ്പോൾ കവർ പേജിലടക്കം ഒരക്ഷരംപോലുമെഴുതാതെ അച്ചടിച്ച പുസ്തകംപോലെ എന്റെ ഉള്ള് ശൂന്യമായി. ഫുൾസ്റ്റോപ്പിൽ എത്തിപ്പെട്ട കഥാനായകന്റെ ഏകാന്തതയെന്താണെന്നു ഞാനറിഞ്ഞു. നവജ്യോതി വായനശാലയിലേക്ക് ഇനിയൊരിക്കലും പോവേണ്ടതില്ലെന്ന് അന്നു രാത്രി തീരുമാനിച്ചു.

പിന്നീടുള്ള ദിവസങ്ങളിൽ കൈയിലുണ്ടായിരുന്ന ഒന്നു രണ്ടു പുസ്തകങ്ങളുമായി ബാത്റൂമിൽ കയറിനോക്കിയെങ്കിലും സങ്കടപ്പെട്ട് തിരിച്ചിറങ്ങേണ്ടി വന്നു. ഒരിക്കൽ വായിച്ച പുസ്തകം വീണ്ടുമെന്നെ ഉത്തേജിപ്പിച്ചില്ല. പഴകാത്ത താളുകളാണെങ്കിൽ അതിലേറെ വെറുപ്പിക്കുകയും ചെയ്തു. ഞരമ്പു പൊട്ടിപ്പോകും വിധം വിമ്മിട്ടപ്പെട്ട്, ഉറങ്ങാൻ പറ്റാതെ ഞാൻ രാത്രികൾ തള്ളി നീക്കി.

ഇരിക്കപ്പൊറുതിയില്ലാതായ ഒരൊഴിവു ദിവസം യുപി സ്കൂളിൽ മലയാളം പഠിപ്പിച്ച രഘുനാഥൻ മാഷിന്റെ വീട്ടിലേക്കു വച്ചുപിടിച്ചു. നോവൽ വേണമെന്നു പറഞ്ഞപ്പോൾ വലിയ ഗൗരവത്തിൽ എന്നെയൊന്നു ഇരുത്തിനോക്കിയശേഷം ഒരെണ്ണം കൈയിൽവച്ചുതന്നു.

'താള് കീറരുത്. ചെളി പിടിപ്പിക്കരുത്. ഇഷ്ടപ്പെട്ട വാചകത്തിന്റെ അടിയിൽ വരയിടരുത്. ഒരാഴ്ചയ്ക്കകം തിരിച്ചെത്തിക്കണം'.

തലയാട്ടി സമ്മതിച്ചശേഷം ഞാൻ തിരിച്ചുനടന്നു.

പിന്നീട്, എല്ലാ വൈകുന്നേരവും ഞാൻ മാഷിന്റെ വീട്ടിലെത്തി. ജീവിതം ഒഎൻവിക്കവിതപോലെ സുന്ദരമാണെന്ന് എനിക്കുതോന്നി. അസാമാന്യനായ ഒരെഴുത്തുകാരനു മാത്രം സാധിക്കുന്ന ആത്മവിശ്വാസത്തോടെ മറ്റുള്ളവരെ നോക്കി. തികച്ചും കാൽപനികമായ ചില സ്വപ്നങ്ങൾ കണ്ടുറങ്ങി. രഘുനാഥൻ മാഷിന്റെ പുസ്തകശേഖരം

പക്ഷേ, തീർത്തും ശുഷ്കമാണെന്നറിയാൻ അധികനാൾ വേണ്ടിവന്നില്ല. വായനശാല യിൽനിന്നെടുത്ത നോവലുകൾ വീണ്ടും കൈയിൽ വന്നപ്പോൾ പറഞ്ഞറിയിക്കാനാകാ ത്ത സങ്കടം തോന്നിത്തുടങ്ങി. എന്നെ ഒരു തരത്തിലും ആവേശംകൊള്ളിക്കാത്ത പുസ് തകങ്ങൾ നിരത്തിയിട്ട കട്ടിലിൽ ഞെളിപിരികൊണ്ടു കിടക്കുമ്പോൾ നോവലുകളത്തെ ന്നെ വെറുത്തുപോകുമോ എന്നു ഞാൻ ഭയന്നു.

’മിനിഞ്ഞാന്ന് അവൻ കണക്കു ബുക്ക് വാങ്ങിയാരുന്നു. നാളെയൊരു പരീക്ഷ യൊണ്ട്. കട്ടിലിൽ ഇട്ടിട്ടുണ്ടെന്നാ പറഞ്ഞേ’.

സൈനുവില്ലാത്തൊരു ദിവസംനോക്കി അവന്റെ വീട്ടിൽച്ചെന്നു കയറിയപ്പോൾ ആട്ടിൻ പാലൊഴിച്ച ചായയുമായി വന്ന ഉമ്മയോടു ഞാൻ നുണ പറഞ്ഞു. പലപ്പോഴായി വന്നപ്പോഴൊക്കെ ആവേശത്തോടെ നോക്കിയിട്ടുണ്ടെങ്കിലും അവന്റെ ഷെൽഫിലെ പു സ്തകങ്ങൾ ഏതൊക്കെയാണെന്ന് എനിക്കോർമയുണ്ടായിരുന്നില്ല. ചായക്കപ്പ് തിരികെ ക്കൊടുത്ത്, സ്റ്റെയർ കെയ്സ് കയറി മുറിയിലെത്തിയപ്പോൾ എനിക്കു ചെറിയ ടെൻഷൻ തോന്നി. അവന്റുപ്പ ഷാർജയിൽനിന്നു കൊണ്ടുവരുന്ന സെന്റിന്റെ മണം പതിവുപോലെ അവിടെ തങ്ങിക്കിടപ്പുണ്ടായിരുന്നു. സൈനുവിന്റെ ഷെൽഫിൽ പക്ഷേ, ഒറ്റ നോവൽ പ്പോലുമുണ്ടായിരുന്നില്ല. കമ്പ്യൂട്ടറിനെക്കുറിച്ചുള്ള കുറേ തടിയൻ പുസ്തകങ്ങൾ. ഖ ലീൽ ജിബ്രാനും ഓഷോയും നിത്യചൈതന്യയതിയും. അവൻ ഭാവിയിൽ വല്ല തത്വചിന്ത കനുമാകുമെന്ന് എനിക്കു തോന്നി.

’നോവലു വല്ലോം ഒണ്ടോന്നു നോക്കിയതാ’, കുറച്ചു സമയം കഴിഞ്ഞിട്ടും തിരിച്ചി റങ്ങാത്തതുകൊണ്ട് അന്വേഷിച്ചുവന്ന ഉമ്മയോട് ഞാൻ പറഞ്ഞു:

’ഞാൻ നോവലു മാത്രേ വായിക്കത്തൊള്ളു’.

ചിരിച്ചുകൊണ്ടു പടിയിറങ്ങുന്ന ഉമ്മയ്ക്കു പിന്നാലെ നടന്നപ്പോൾ എന്നെപ്പേടിച്ചു നോവലൊക്കെ അവൻ മാറ്റിവച്ചതായിരിക്കുമെന്നു ഞാൻ വിചാരിച്ചു.

’എടാ പൊലയാടി മോനേ, ഇനി മേലാ നീയെന്റെ വീട്ടിക്കേറിപ്പോയേക്കല്ല്’, വീട്ടി ലെ ഫോണിലേക്കു സൈനു വീണ്ടും വിളിച്ചു.

’മര്യാദയ്ക്കു നടന്നില്ലേ, നിന്റെ സൂക്കേടിന്റെ കാര്യം വീട്ടിലും സ്കൂളിലും നാ ട്ടുകാരോടും പറയും. സൂക്ഷിച്ചോ, നീയ്യ്’.

ഫോൺ കട്ടുചെയ്തു കഴിഞ്ഞ്, അടിമുടി വിറച്ചുകൊണ്ട് മുറിയിലേക്കു നടക്കു മ്പോൾ മരിച്ചു കഴിഞ്ഞവർ എന്താണു ചിന്തിക്കുകയെന്ന് എനിക്കു മനസിലായി.

പിറ്റേന്നു രാവിലെ, ഇച്ചാച്ചന്റെ മേശവലിപ്പിൽനിന്നു കട്ടെടുത്ത നൂറിന്റെ രണ്ടു നോട്ടുക ളുമായി ഞാൻ കണ്ണൂർക്കു വണ്ടി കയറി. ആദ്യമായിട്ടൊരു കൊലപാതകം ചെയ്യാൻ പോകുന്നവന്റെ ഭാവമായിരുന്നിരിക്കണം, എന്റെ മുഖത്തപ്പോൾ. സ്റ്റാൻഡിൽ ബസിറ ങ്ങിക്കഴിഞ്ഞ്, ബൈസിക്കിൾ ബുക്സിന്റെ ഷോറൂമിലേക്കാണു നേരെ പോയത്. ടി. പത്മനാഭൻകഥയിലെ നീളംകുറഞ്ഞ വാചകങ്ങൾപോലെ ചാറ്റൽ മഴ പെയ്യുന്നുണ്ടായി രുന്നു. ചില്ലുവാതിൽ തുറന്ന്, അകത്തു കയറിയപ്പോൾ എസിയുടെ തണുപ്പടിച്ച്, എന്റെ

രോമങ്ങൾ എഴുന്നേറ്റു നിന്നു. കുറേ റാക്കുകളായി അടുക്കിവച്ചിരിക്കുകയായിരുന്നു, പുസ്തകങ്ങൾ. പുത്തൻ കടലാസിന്റെയും അച്ചടി മഷിയുടെയും മണം വെട്ടിക്കളയാൻ പറ്റാത്ത ഒരലങ്കാരംപോലെ വായുവിലുണ്ടായിരുന്നു. അത്രയും പുസ്തകങ്ങൾക്കു നടുവിൽ ആദ്യമായിട്ടു നിൽക്കുകയായിരുന്നു, ഞാൻ. ഓരോ ഷെൽഫിനു മുന്നിലൂടെയും സാവധാനം നടന്നപ്പോൾ മനുഷ്യശരീരങ്ങൾ ചില്ലിട്ടുവച്ചിരിക്കുന്ന മ്യൂസിയത്തിലാണു നിൽക്കുന്നതെന്ന് എനിക്കുതോന്നി. നോവലിന്റെ തട്ടായിരുന്നു, ഏറ്റവും വലുത്. ചെരിഞ്ഞിരിക്കുന്ന തലക്കെട്ടുകളിലൂടെ കണ്ണോടിച്ചപ്പോൾ അവയുമായി ബാത്റൂമിൽ ചെലവഴിച്ച രാത്രികൾ ഞാനോർമിച്ചു. അപ്പോൾ മലയാളത്തിലെ എല്ലാ നോവലിസ്റ്റുകളോടും എനിക്ക് അടക്കാനാകാത്ത സ്നേഹം തോന്നി. വിൽപ്പനയിൽ വലിയ വിപ്ലവം സൃഷ്ടിച്ചുകൊണ്ടിരുന്ന ഒരു നോവലാണ് 120 രൂപ മുടക്കി ഞാൻ വാങ്ങിയത്. കാശുകൊടുത്തു വാങ്ങുന്ന എന്റെ ആദ്യത്തെ പുസ്തകം. നാൽപ്പതാം പതിപ്പായിരുന്നു, അത്. പുസ്തകവും മടിയിൽവച്ച് ബസിലിരിക്കുമ്പോൾ മരുഭൂമിയിൽനിന്ന് ഒറ്റയ്ക്കു രക്ഷപ്പെട്ടോടുന്നവന്റെ ആവേശം മേലാകെ തരിച്ചുകയറി.

പാലരിഞ്ഞാലിൽ വണ്ടിയിറങ്ങിക്കഴിഞ്ഞ്, നോവൽ അരയിലൊളിപ്പിച്ചാണു ഞാൻ വീട്ടിൽക്കയറിയത്. രാത്രിയാകുന്നതും കാത്ത് കട്ടിലിൽ കിടക്കുമ്പോൾ പലവട്ടം പേജു മറിച്ചുനോക്കി. വല്ലാത്തൊരു സന്തോഷം ഉള്ളിൽ തുടിക്കുന്നുണ്ടായിരുന്നു. ജീവിതം, സുന്ദരമായ ഭാഷയിലെഴുതിയ ഒരു കൊച്ചു നോവലാണെന്ന് എനിക്കുതോന്നി.

പാതിരാത്രി വരെ ഉമ്മറത്തുകൂടി പതിവായി ഉലാത്തുന്ന ഇച്ചാച്ചൻ മുറിയിൽക്കയറാൻ വൈകുന്നതിൽ ഞാൻ അസ്വസ്ഥനായി. എന്നോളം പഴക്കമുള്ള അജന്ത ക്ലോക്കിലെ ചെറിയ സൂചി ഓട്ടത്തിനിടയിൽ പരിഹസിക്കാൻ മാത്രം ശബ്ദമുണ്ടാക്കുന്നതുപോലെ തോന്നി. മുറിയിൽക്കയറിക്കഴിഞ്ഞ് ഇച്ചാച്ചൻ, ഉറക്കത്തിനു മുന്നേയുള്ള കാതുകൂർപ്പിച്ചു കിടക്കൽ അവസാനിപ്പിച്ച്, കൂർക്കം വലി തുടങ്ങുന്നതുകേൾക്കാൻ ഞാൻ ചെവിയോർത്തു. ചെറുതല്ലാത്ത നീരസം എന്റെയുള്ളിൽ നുരയിടുന്നുണ്ടായിരുന്നു. തുടകൾക്കിടയിൽ കൈ രണ്ടും ചേർത്തുവച്ച് ഞാൻ ചെരിഞ്ഞു കിടന്നു. കൂടിക്കിടക്കുന്ന വാക്കുകളുടെ വലിയ മൺകൂനകൾക്കിടയിലൂടെ ഒരു കുഞ്ഞുറുമ്പിനെപ്പോലെ ഉഴറിനടക്കുന്ന സ്വന്തം രൂപം കണ്ണിൽ നിറഞ്ഞു. കുറച്ചു കഴിഞ്ഞ്, പ്ലാവുതടിക്കു ചിന്തേരിടുന്നതുപോലെ ഒരേ താളത്തിൽ മുഴങ്ങുന്ന ഇച്ചാച്ചന്റെ ഉറക്കശബ്ദം വീടാകെ നിറഞ്ഞപ്പോൾ ഞാൻ പുറത്തിറങ്ങി. അടുക്കളപ്പുറത്തെ ചായ്പ്പിൽനിന്ന് ഇഞ്ചിക്കണ്ടത്തിൽ കളം തിരിക്കാനുപയോഗിക്കുന്ന കൊച്ചുതൂമ്പ തപ്പിയെടുത്തു. കൈയിലുണ്ടായിരുന്ന സിഗരറ്റ് ലാമ്പിന്റെ ഇത്തിരിവെട്ടം തെളിച്ച്, പറിയമ്പുറത്തെ അരകല്ലു പാത്തിയിൽനിന്ന് പൈപ്പിലൂടെത്തുന്ന വെള്ളം വീണു കുതിർന്ന കാന്താരിച്ചുവട്ടിലെത്തി. കോഴിക്കൂടിനും കാന്താരിച്ചെടിക്കുമിടയിലെ, നനവുള്ള മണ്ണ് തൂമ്പകൊണ്ടു നീക്കുമ്പോൾ എന്റെ വലതുകൈ വല്ലാതെ വിറയ്ക്കുന്നുണ്ടായിരുന്നു. പത്രക്കടലാസിൽ പൊതിഞ്ഞ പുസ്തകം അരയിൽനിന്നെടുത്ത്, ഒരു പെരയെലിയെ അടക്കാൻ മാത്രം വലിപ്പമുള്ള കുഴിയിലേക്ക് ഇറക്കിവച്ചു. കൈ കൊണ്ട് മണ്ണുകോരി നോവലിനെ മൂടി. ഇരുട്ടത്തു തപ്പിയപ്പോൾക്കിട്ടിയ രണ്ടു പുഴക്കല്ലുകൾ അതിനു മുകളിൽ അടയാളം വയ്ക്കുന്ന നേരത്ത്, എന്റെ കണ്ണുകൾ ക്രിസ്മസ് നക്ഷത്രം പോലെ കത്തിയിട്ടുണ്ടാവണം. കഴുകിത്തുടച്ച തൂമ്പ ചായ്പ്പിൽ തിരിച്ചിട്ടുകഴിഞ്ഞ്, ഞാൻ ലാമ്പുവെട്ടമണച്ചു. കഴുത്തില്ലാത്ത ബെനിയനും കൈലിമുണ്ടും

ഊരിയെടുത്ത് അഴയിൽ തൂക്കി. പിന്നെ, കുഴിച്ചിട്ട പുസ്തകത്തിലേക്ക് മണ്ണ് ആഴത്തിൽ വേരിറക്കുന്നതും താളുകളിൽ പഴക്കത്തിന്റെ അച്ചുപതിക്കുന്നതും കാത്ത് നിലത്തു ചമ്രംപടിഞ്ഞു. അപ്പോൾ ഏതോ ഗ്രാമഫോണിൽനിന്നു വിഷാദഭരിതമായൊരു പഴയ ഗസൽ വളരെ പതുക്കെ ഒഴുകിയെത്തി. ശബ്ദംകേട്ട ഭാഗത്തേക്കു ഞാൻ നടന്നു. കിണറ്റുകരയിലെ കുള്ളൻ മാവിൽ നേർത്ത പ്രകാശംമാത്രമുള്ള ഒരു റാന്തൽ തൂക്കിയിട്ടിരിക്കുന്നു. മാഞ്ചോട്ടിൽ നിവർത്തിയിട്ട ചാരുകസേര. അതിൽ ഏകദേശം ആറടിയോളം നീളമുള്ള ഒരാൾ കാലുംനീട്ടിയിരിക്കുന്നു. കഷണ്ടിത്തല. കുഴിഞ്ഞ നെഞ്ച്. വിഖ്യാതമായ മൂക്ക്. ഷേവ് ചെയ്യാത്ത മുഖത്ത് ബ്ലാക്ക് ആൻഡ് വൈറ്റ് രോമങ്ങൾ. ചുണ്ടിൽ എരിഞ്ഞുതീരാറായ ബീഡി. പല്ലില്ലാത്ത മോണ പുറംതള്ളുന്ന പുക ഞങ്ങൾക്കിടയിൽ നീലവെളിച്ചംപോലെ പടർന്നു. ജീവിതത്തിന്റെ രണ്ടറ്റവും കണ്ട കണ്ണുകൾ അദ്ദേഹം എന്റെ നേരെ തിരിച്ചു. പിന്നെ, വ്യാകരണത്തെറ്റില്ലാത്ത ഒരു പരിഹാസച്ചിരി ചിരിച്ചു.

കൈ രണ്ടും കാലുകൾക്കിടയിൽ പൊത്തിപ്പിടിച്ചുകൊണ്ട് ഞാൻ പതിയെ കരയാൻ തുടങ്ങി.

************************************************************


വിലാസം

അബിൻ ജോസഫ്

തട്ടത്ത് ഹൗസ്

കീഴ്പ്പള്ളി പി.ഒ.

കണ്ണൂർ ജില്ല

പിൻ 670 704

ഫോൺ– 9544515295